## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 732      12.06.2013 - ൽ മറുപടിക്ക്

### ആലപ്പുഴ ജില്ലയിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | പി.എസ്.സി തയ്യാറാക്കിയ ആലപ്പുഴ ജില്ലയിലെ ആരോഗ്യ വകുപ്പിലെ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ ലിസ്റ്റിൽ നിന്നും എത്ര പേരെ ഇതിനോടകം നിയമിച്ചുവെന്ന് പറയാമോ; ഈ ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനി ക്കുന്നത് എന്ന് പറയാമോ ; | എ) | 5 സൂപ്പർ ന്യൂമററി ഉൾപ്പെടെ 33 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. പി.എസ്.സി. ലിസ്റ്റിന്റെ കാലാവധി 01.07.2013-ന് അവസാനിക്കും. |
| ബി) | ആലപ്പുഴ ജില്ലയിലെ ജെ.പി.എച്ച്.എൻ ലിസ്റ്റിൽ നിന്നും ഇനിയും എത്രപേരെ കൂടി നിയമിക്കുമെന്ന് പറയാമോ; ജെ.പി. എച്ച്.എൻ നിയമനം വൈകുന്നത് എന്തുകൊണ്ടാണെന്ന് പറയാമോ; എൻ.ആർ. എച്ച്.എം. വഴി നടക്കുന്ന നിയമനങ്ങളിലേക്കും പി.എസ്.സി. ലിസ്റ്റിൽ നിന്നാണോ നിയമനം എന്നു പറയാമോ ; | ബി) | നിലവിൽ ആലപ്പുഴ ജില്ലയിൽ ഒഴിവുകൾ ഇല്ല. ഒഴിവ് വരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. എൻ.ആർ.എച്ച്.എം. വഴിയുള്ള ജെ.പി.എച്ച്.എൻ-ന്റെ നിയമനം നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്നുമാണ് നടത്തുന്നത്. |
| സി) | ജനസംഖ്യാനുപാതികമായി ആലപ്പുഴ ജില്ലയിൽ എത്ര ജെ.പി.എച്ച്.എൻ മാർ ആവശ്യമുണ്ടെന്ന് പറയാമോ ; | സി) | ജനസംഖ്യാനുപാതികമായി (5000:1) ആലപ്പുഴ ജില്ലയിൽ 450 ജെ.പി.എച്ച്.എൻ മാരുടെ തസ്തികകളാണ് ആവശ്യമുള്ളത്. |
| ഡി) | പോസ്റ്റ് ക്രിയേഷൻ സർക്കാർ പ്രഖ്യാപിച്ചിരുന്നിട്ടും ഇനിയും അപ്രകാരം നടപ്പിലാക്കാത്തത് എന്തു കൊണ്ടാണെന്ന് പറയാമോ; നിലവിലുള്ള ഒഴിവുകൾ കണ്ടെത്തിയും ആവശ്യമായ പോസ്റ്റുകൾ സൃഷ്ടിച്ചും കാലാവധി തീരാറായ ജെ.പി.എച്ച്.എൻ റാങ്ക് ലിസ്റ്റിൽ നിന്നും മുഴുവൻ പേരെയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ജെ.പി.എച്ച്.എൻ-ന്റെ തസ്തിക സൃഷ്ടിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേന്ദ്ര സർക്കാരിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അവ പി.എസ്.സി. മുഖേന നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ